# കൈയൊപ്പുകൾ





# ജി എച്ച് എച്ച് അഷ്ടമുടി

# ലിറ്റിൽ കൈറ്റ്സ്

# ഡിജിറ്റൽ

# മാഗസിൻ



# Table of Contents


ബൈക്കിനു പറ്റിയ പറ്റ്.....4
സൗഹൃദത്തിന്റെ കൂട്ട്.....5
രാമാനുജൻ ചതുരം.....7
അമ്മമഴ.....9
ലഹരി.....10
പൂക്കൾ.....11
മഞ്ഞുകാലത്തെ കുട്ടി.....12
നെന്മണി.....13
വയൽ.....14
കുയിലമ്മ.....15
കിനാവ്.....17
ചില പഠന വിഷയങ്ങൾ.....18
കുമാരനാശാൻ.....19
പമ്മി പമ്മി വരുന്ന പൂച്ച.....20
മാതൃസ്നേഹം.....21
സാമൂഹിക അവലോകനം.....22
ENERGY CONSERAVATION.....25
തട്ടീം മുട്ടീം.....26
ലിറ്റിൽ കൈറ്റ്സ് പ്രവർത്തന മികവുകൾ.....27
കേരളത്തിലെ കായലുകൾ.....28
രാമനുണ്ണിയുടെ സത്യ സന്ധത.....29
നിഴൽ.....30

## ബൈക്കിനു പറ്റിയ പറ്റ്

ഒരു വീട്ടിൽ ഒരു സൈക്കിൾ ഉണ്ടായിരുന്നു ഒരു പാവത്താൻ.ഒരു  ദിവസം വീട്ടുകാരൻ ബൈക്കു വാങ്ങി .അതോടെ സൈക്കിളിനെ ആർക്കും വേണ്ടാതായി.  പാവം സൈക്കിൾ അവൻ മുറ്റത്തുവെറുതെ  ഇരിപ്പായി. ഇതു കണ്ട ബൈക്ക് പറഞ്ഞുഹ..ഹ..ഹ  നിന്നെ ഇനി  ആർക്കും വേണ്ട .ഒരുദിവസം  വീട്ടുകാരൻ ജോലിക്ക് പോകാനിറങ്ങിഎന്നിട്ട് ബൈക്ക് സ്റ്റാർട്ടായില്ല ഇനി എന്ത്ചെയ്യും അയാള് വേഗം സൈക്കിളിൽ കയറി ജോലിക്ക് പോയി. സൈക്കിളിന് സന്തോഷമായി.ഇതുകണ്ട ബൈക്ക് നാണിച്ചു പോയി..........

# സൗഹൃദത്തിന്റെ കൂട്ട്

ഒരിടത്ത് ഒരിടത്ത്പൂമ്പകുഞ്ഞും,
പട്ടിക്കുട്ടനും ഉണ്ടായിരുന്നു.അവർ എവിടെ പോയാലും അവർ രണ്ടുപേരും ഒരുമിച്ചാണ് പോകുന്നത്.ഒരുദിവസം പട്ടിക്കുട്ടൻെറ ചങ്ങാതിയായ പൂമ്പക്കുഞ്ഞിനെകാണാതെയായിപൂമ്പക്കുഞ്ഞിനെകാണാതെപട്ടിക്കുട്ടന്ഒരു പാട് വിഷമമായി .കാര്യംഅറിയാനായിപട്ടിക്കുട്ടൻപൂമ്പക്കുഞ്ഞിൻെറ വീട്ടിലേക്ക് പുറപ്പെട്ടു.പട്ടിക്കുട്ടൻ പൂമ്പക്കുഞ്ഞിൻെറവീട്ടിലേക്ക്ചെന്നപ്പോൾ പൂമ്പക്കുഞ്ഞ് അവശനായി കിടക്കുന്നു.പൂമ്പക്കുഞ്ഞിൻെറ അടുത്തേക്ക് പട്ടിക്കുട്ടൻ ഓടിച്ചെന്നു.പൂമ്പക്കുഞ്ഞിനോട് പട്ടിക്കുട്ടൻ ചോദിച്ചു പൂമ്പക്കുഞ്ഞേ നിനക്ക് എന്ത് പറ്റി . അപ്പോൾ പൂമ്പകുഞ്ഞിൻെറ അമ്മയായ പൂമ്പമ്മ വന്നു. മോനെ അവൾക്ക് തീരെ സുഖമില്ല. അവൾ ഇന്ന് കളിക്കാൻ നിൻെറ കൂടെ വരില്ല .അതുകേട്ടപ്പോൾ വിഷമമായി .സ്വന്തം കൂട്ടുക്കാരിക്ക് എന്തുപറ്റിയാലും പട്ടിക്കുട്ടന് വിഷമമാകും . പട്ടിക്കുട്ടൻെറ അച്ഛൻ വൈദ്യനാണ്.പെട്ടന്ന് അവൻ അവൻെറ വീട്ടിലേക്ക് ഓടി.........വീട്ടിൽ ചെന്നിട്ട് അവൻെറ അച്ഛനോട് നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു.പൂമ്പമ്മ ,എൻെറക്കൂട്ടുക്കാരിക്ക്ഈമരുന്നുകൊടുത്താൽഅസുഖംവേഗംഭേദമാകും .രണ്ട്മാസംകഴിഞ്ഞ്പട്ടിക്കുട്ടനും അവനും വീട്ടുക്കാരും കൂടി നടക്കാനിറങ്ങി. അപ്പോൾ ആ വഴിയിൽ അവൻെറ ചങ്ങാതിയായപൂമ്പക്കുഞ്ഞിനെ കളണ്ടു. രണ്ട് മാസം കഴിഞ്ഞ് കാണുന്ന തൻെ കൂട്ടുക്കാരിയെ കണ്ടപ്പോൾ പട്ടിക്കുട്ടന് ഒരുപാട്സന്തോഷമായി....

സൗഹൃദമാണ് ഏത് രോഗത്തിനുമുള്ള മരുന്ന്.............................

1*1=1

11*11=121

111*111=12321


1111*1111=1234321

11111*11111=123454321

111111*111111=12345654321

1111111*1111111=1234567654321

# രാമാനുജൻ ചതുരം




| | | | |
|---|---|---|---|
| 22 | 12 | 18 | 87 |
| 88 | 17 | 9 | 25 |
| 10 | 24 | 89 | 16 |
| 19 | 86 | 23 | 11 |

9*9+7=88
98*9+6=888
987*9+5=8888
9876*9+4=88888
98765*9+3=888888
987654*9+2=8888888
9876543*9+1=88888888
98765432*9+0=888888888

# അമ്മമഴ

അന്നു നമ്മൾ കണ്ടു
പിച്ചവക്കും കാലം
അമ്മ തൻ തണലായ് കൂടെ വന്നു
എന്റെ കാൽ മുറിഞ്ഞപ്പോൾ
അന്നു ഞാൻ കണ്ടു
അമ്മമിഴി നിറഞ്ഞു
ഭൂമിയോളൊപ്പം വലുതാണമ്മ
നിറദീപമായി മാരിവിൽ
വർണ്ണങ്ങൾ തലോടി




## ലഹരി

മക്കൾ കേഴുന്നു. അരുതരുതച്ഛ

ഇനി മേലിൽ ഇങ്ങനെ സേവിച്ചിടാതെ

ലഹരിതൻ ആഴങ്ങൾ തേടി മറവിയിൽ

ഞങ്ങളെ മാറ്റിവയ്ക്കാതെ......



## പൂക്കൾ

പൂവിലിരിക്കും പുഴുവിനെ
കണ്ടാൽ
നമ്മൾക്കൊക്കെ
പേടിവരും
പേടിമാറുമ്പോൾ
പൂവിലേക്കിന്നു നാം
നോക്കുമ്പോൾ ഇന്നിതാ
കാണുന്നു സുന്ദര
ചിത്രശലഭം



**മഞ്ഞുകാലത്തെ കുട്ടി**

പണ്ട് പണ്ട് അമേരിക്കയിൽ തണുത്ത ഒരു രാത്രിയിൽ ഒരു കടുവ
കാട്ടിൽ കൂടെ നടക്കുകയായിരുന്നു. പെട്ടെന്ന് ഒരു കരച്ചിൽ ളേള...........ളേള ......ന്ന്
ആ കടുവ ആ കരച്ചിൽ കേട്ട ഭാഗത്തേക്ക് നടന്നു...പെട്ടെന്ന്
അവൻആകുഞ്ഞിനെകണ്ടുഒരുകുഞ്ഞാണെന്ന്അവന്മനസിലായിഈതണുത്തരാത്രി
യിൽഇത്ഇവിടെകിടന്നാൽചത്തുപോകുംഅവൻഅതിനെഎടുത്തുഎന്നിട്ട്കുടിലിനുള
ളിലേക്ക്നടന്നുഅപ്പോൾഅവിടെകുടിൽകണ്ടുആകുടിൽചാർലിഎന്നവൃദ്ധൻന്റെകുടിൽ
ആയിരുന്നുആകടുവകുഞ്ഞിനെആവൃദ്ധൻന്റെകുടിലിന്റെപുറത്തെുവച്ചുചാർലിവേഗംകുട്ടി
യെവീക്കെണ്ടുപോയികുറെവർഷങ്ങൾഴിഞ്ഞുആകട്ടിവളർന്നുആവൃദ്ധൻഅവന്ദിയാൽ
എന്ന്പേരിട്ടുആവൃദ്ധൻആകുഞ്ഞിനെവീട്ടിൽവിളിച്ചിരുന്നത്മഞ്ഞുകാലത്തെകുട്ടിഎന്നാ
യിരുന്നുഒരിക്കൽആകടുവഒരുതണുത്തരാത്രിയിൽകുഞ്ഞിനെകൊണ്ടിട്ടസ്ഥലത്ത്ചെ
ന്ന്അലറിഅലർച്ചകേട്ടുിടിനുെളിയിലേക്ക്ഇറങ്ങിയദിയാനെവലിച്ചുകൊണ്ട്കടുവ
പോയിമഞ്ഞുകാലത്തെകുട്ടിയെയും തിരക്കി അവൻ നടന്നു.......

**നെന്മണി**

നിറയെ കതിർക്കുല  ചൂടിനിക്കും
നെൽപാടമേ..........
നിൻ ദയ വാത്സല്യങ്ങ    കണൻജ്ഞും
മരതകപച്ചപ്പിൻ പവിഴങ്ങ
മനുഷ്യ ത്യാഗത്തിൻ നെല്ലിൻ കതിർക്കുല
പൊരിവെയിലിൽ
നീ....കഷ്ടപ്പെട്ടുന്ന നിൻ സുഹൃദ
സ്വരൂപമാം നെല്ലിൻ കതിർക്കുല



വയൽ

വയലേ വയലേ നെല്ലു തരൂ....
ചോറുണ്ണാൻ ഇച്ചിരി നെല്ലുതരൂ
നിൻറെ കൂടെ  കളിക്കട്ടെ
ഞാനിത്തിരി ആടി പാടി
രസിക്കട്ടെ തുള്ളി ചാടി
നടക്കട്ടെ



**കുയിലമ്മ**

കുകു........കുകു......കുയിലമ്മേ.....നിൻ..
ചുണ്ടിലോരോടക്കുഴലുണ്ടോ?.
എന്തോരു മധുരം നീ  പാടുമ്പോൾ
കുളിരുകയാണെൻ മനമാകെ
കരിമാനത്തിൻ കരളിൽ നിന്നോ
വന്നത് നീയെൻ കണ്മണിയെ.....
ഇമ്പം വഴിയിൽ സ്വരരാഗങ്ങൾ
പാടാനൊന്നു പപ്പിച്ചു
കാക്കക്കൂട്ടിൽ  മുട്ടയിട്ടുന്നൊരു
വിദ്യയിതാരു പഠിപ്പിച്ചു






ലോകമഹാത്ഭുതങ്ങളിൽ ഒന്നായ താജ്മഹൽ ആഗ്രയിൽ യമുനാനദിക്കരയിൽ സ്ഥിതി ചെയ്യുന്നു. മുഗൾ ക്രവർത്തിയായ ഷാജഹാൻതന്റെപത്നിമുംതാസ്ഹലിന്റെസ്മരണയ്ക്കായിപണികഴിപ്പിച്ചതാണ് ഇത്.

പേർഷ്യൻ,ഒട്ടോമൻ,ഇന്ത്യൻ,ഇസ്ലാമിക്, എന്നീ വാസ്തുവിദ്യാമാതൃകകൾ കൂടിച്ചേർന്നുണ്ടായ മുഗൾ വാസ്തുവിദ്യയുടെ ഉത്തമോദാഹരണമാണ് താജ് മഹൽ.പൂർണമായും വെണ്ണക്കല്ലിൽ നിർമ്മിച്ച ഈ സ്മാരകം പൂർത്തിയാക്കാൻ ഇരുപത്തിരണ്ട് വർഷം എടുത്തു എന്നാണ് കണക്ക്.കലാകാരന്റെ ഭാവനയിൽ മുംതാസ് മഹൽ

മുഗൾ ചക്രവർത്തിയായിരുന്ന ഷാജഹാന്റെ മൂന്നാം ഭാര്യയായിരുന്ന മുംതാസ് മഹൽ 1631 ൽ തന്റെ 14-മത്തെ കുട്ടിയായ ഗൗഹറ ബേഗത്തിന് ജന്മം നൽകുന്നതിനിടയിൽ വിവാഹത്തിന്റെ പതിനെട്ടാം വർഷത്തിൽ മരിച്ചു അക്കാലം ഷാജഹാൻ ചക്രവർത്തിക്ക് വളരെയധികം സമ്പത്തും അഭിവൃദ്ധിയും ഉള്ള കാലമായിരുന്നു. പക്ഷേ ഭാര്യയുടെ മരണം മൂലം അദ്ദേഹം വളരെ ദുഖത്തിലാവുകയായിരുന്നു.മുംതാസ് മഹലുമായുള്ള ഷാജഹാന്റെ അഗാധ പ്രേമമാണ് താജ് മഹൽ പണിയുവാനുള്ള പ്രേരണയെന്ന് കാലാനുസൃതവിവരണങ്ങൾ കാണിക്കുന്നു.താജ്മഹലിന്റെ പണികൾ മുംതാസിന്റെ മരണത്തിനു ശേഷം ഉടൻ തന്നെ തുടങ്ങുകയുണ്ടായി. ൽ ഒരു അടിസ്ഥാന ശവകുടീരം പണിതീർന്നു.പിന്നീട് ഇതിനു ചുറ്റുമുള്ള ഉദ്യാനങ്ങളും അനുബന്ധ കെട്ടിടങ്ങളും പിന്നീടുള്ള അഞ്ച് വർഷങ്ങൾ കൊണ്ട് പണിതീർന്നത്.

## കിനാവ്

ഇന്നലെ കണ്ട കിനാവിൽ നിന്നും
വേരുകൾ മണ്ണിലേക്കാഴ്ന്നിടുന്നു
മണ്ണിൽ നിന്നോരോ കിനാവിൽ നിന്നും
നക്ഷത്രമായ് പുനർജനിച്ചു.
നമ്മൾ നോക്കുമ്പോൾ മഹാകാശത്ത്
എത്രയോ തുമ്പികൾ പാറിടുന്നു.



## ചില പഠന വിഷയങ്ങൾ

| | | |
|---|---|---|
| ആന്ത്രപോളജി | : | നരവംശ ശാസ്ത്രം |
| ബയോകെമിസ്റ്ററി | : | ജൈവഗണിതശാസ്ത്രം |
| ബയോളജി | : | ജീവശാസ്ത്രം |
| ഹെമറ്റോളജി | : | രക്തത്തെപ്പറ്റിയുള്ള പഠനം |
| ന്യൂറോളജി | : | നാഡീവിജ്ഞാപനം |
| ഒർണിത്തോളജി | : | പക്ഷിനിരീക്ഷണശാസ്ത്രം |
| പാത്തോളജി | : | രോഗശാസ്ത്രം |
| സൈക്കോളജി | : | മനശാസ്ത്രം |
| സീസ്മോളജി | : | ഭൂകമ്പവിജ്ഞാനം |

# കുമാരനാശാൻ

*ജനനം -1873 ഏപ്രിൽ*

*ജനന സ്ഥലം - കായിക്കര , തിരുവനന്തപുരം*

*പിതാവ് - നാരായണൻ*

*മാതാവ് - കാളി*

*ബാല്യകാല നാമം - കുമാരു*

*വിശേഷണങ്ങൾ*

സ്നേഹഗായകൻ ,ആശയഗംഭീരൻ ,ദിവ്യകോകിലം

ചിന്നസ്വമി ,വിപ്ലവത്തിന്റെ കവി ,

നവോത്ഥാനത്തിന്റെ കവി ,വിപ്ലവത്തിന്റെ ശുക്രനക്ഷത്രം,മഹാകാവ്യം എഴുതാതെ മഹാകവി ,

---

* ശ്രീമൂലം പ്രജാസഭയിൽഅംഗമായ ആദ്യ കവി

*തിരുവിതാംകൂർ നിയമനിർമ്മാണ സഭയിൽ അംഗമായ ആദ്യകവി

*ഇന്ത്യൻ തപാൽ സറ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യകവി

* *

---

*മലയാളത്തിലെ ആദ്യത്തെ ലക്ഷണമൊത്ത ഖണ്ഡകാവ്യം

-വീണപ്പൂവ്

*മാപ്പിള ലഹളയുടെ പശ്ചാത്തലത്തിൽ ജാതി ചിന്തക്കെതിരെ രചിച്ച കാവ്യം

-ദുരവസ്ഥ

*വഞ്ചിപ്പാട്ടിന്റെ വൃത്തത്തിൽ രചിച്ച ഖണ്ഡകാവ്യം

അവസാനത്തെ കൃതി

-കരുണ

---

മറ്റ് പ്രധാന കൃതികൾ

ലീല ,വനമാല ,മണിമാല ,ഗ്രാമവൃക്ഷത്തിലെ കുയിൽ, സിംഹപ്രസവം ,ചിന്താവിഷ്ടയായ സീത,

---

*മരണം -1924 ജനവരി 16

റെഡീമീർ ബോട്ടപകടം,പല്ലനയാർ.

**പമ്മി പമ്മി വരുന്ന പൂച്ച**

വരുന്ന വരുന്ന കള്ളിപൂച്ച
ആരും കാണാ നേരത്ത്
കട്ടെടുക്കും കൊതിയൻ പൂച്ച
പമ്മി പമ്മി വരുന്ന കൊതിയൻ

ആരും കാണാ നേരത്ത്
ആരും ഓർക്കാ നിമിഷത്ത്
വരുന്ന വരുന്ന കള്ളൻ
കട്ടെടുക്കും കള്ളൻ.

മീൻ കൊതിച്ചൻ
പാൽ കൊതിച്ചൻ
കൊതിയേ കൊതിയേ
എല്ലാറ്റിനോടും കൊതിയേ.


മീൻ കട്ടാൽ തിന്നും കള്ളൻ
പാൽ കട്ടാൽ കുടിക്കും കള്ളൻ
വീട്ടമ്മയുടെ എറിയും കൊണ്ട്
നടക്കും ഈ പൂച്ച കള്ളൻ.




**മാതൃസ്നേഹം**


അമ്മയാണെന്റെ ജീവൻ
സ്നേഹം പൊഴിക്കുമെന്നമ്മ
അമ്മയാണൻ ദൈവം എൻ -
പൊന്നമ്മയാണൻ ദൈവം
തൊട്ടുകറി ചാർത്തി വരുമെൻ
അമ്മയെ ആണെനിക്കിഷ്ടം
ഉള്ളുള്ള കുന്തലാഴ്ച്ചിട്ട് വരുമെൻ
അമ്മയെ ആണെനിക്കിഷ്ടം എൻ -
അമ്മയെ ആണെനിക്കേറെയിഷ്ടം





സാമൂഹിക അവലോകനം
ഏയ് നിങ്ങൾ എന്താണ ചെയ്യുന്നത്?
ഞങ്ങൾ ഈ ഫ്ളാറ്റ് പൊളിക്കാനുള്ള സർവേ നടത്തുകയാ.
പൊളിക്കുകയോ ആരോട് ചോദിച്ചിട്ട് ?
ഇത് സർക്കാരിന്റെ ഉത്തരവാ.
അത് എങ്ങനെ ശരിയാവും ? സർക്കാർ തന്നെയല്ലേ ഇത് പണിഞ്ഞത് ?
അത് ഞങ്ങൾക്കറിയില്ല , ഞങ്ങൾ ഞങ്ങളുടെ ജോലി ചെയ്യും


ഇത് പൊളിച്ചാൽ ഞങ്ങളെവിടെ പോകും ? ഒരുപാട് പരിസ്ഥിതി പ്രശ്നങ്ങളും ഇതു മൂലമുണ്ടാകും.
ഞങ്ങൾ എന്തു ചെയ്യാനാ സഹോദരാ ? ദയവ് ചെയ്ത് നിങ്ങളെല്ലാം ഫ്ളാറ്റിൽ നിന്നൊഴിയണം.
പുഴയുടെ അടുത്ത് ഫ്ളാറ്റ് പണിയാൻ അനുമതി നൽകിയത് സർക്കാരല്ലേ ? എന്നിട്ട് പൊളിക്കാനും അവർ തന്നെ പറയുന്നു.
ഇതിന് നിങ്ങൾക്കെല്ലാം സർക്കാർ നഷ്ടപരിഹാരം തരും
എത്ര രൂപ തന്നാലും ഞങ്ങളുടെ സ്വപ്നങ്ങളല്ലേ തകരുന്നത്.
ഇപ്പോൾ ഞങ്ങൾ പോകുന്നു. ഈ മരട് ഫ്ളാറ്റ് പ്രശ്നത്തിൽ നല്ലൊരു തീരുമാനം സർക്കാർ എടുക്കട്ടെ എന്ന് പ്രാർഥിക്കാം.

ഫ്ളാറ്റിൽ
താമസിക്കുന്നവ
രുടെ തീരുമാനം
ചോദിച്ചറിഞ്ഞിട്ട്
നമുക്ക് മുന്നോട്ട്
പോകാം.



ശരി സഹോദരാ,
നിങ്ങൾ ഒരു നല്ല
തീരുമാനം
എടുക്കുക.



ഫ്ളാറ്റ് ഉടമകൾ പരാതി കൊടുക്കാൻ തീരുമാനിച്ച ശേഷം കോടതി ഉത്തരവ്



മരട് ഫ്ളാറ്റ് പ്രശ്നത്തിൽ
ജലാശയങ്ങളുടെയും
മറ്റ് അപകട ഭീഷണിയുള്ള
സ്ഥലത്തും നിലനിൽക്കുന്ന
ഫ്ളാറ്റുകൾ പൊളിച്ച് അവർക്ക്
അപകടകരമല്ലാത്ത സ്ഥലത്ത്
പുതിയ ഫ്ളാറ്റ് വയ്ക്കാൻ
ഇതിനാൽ കോടതി
ഉത്തരവിടുന്നു .

## ENERGY CONSERAVATION



**തട്ടീം മുട്ടീം**

തട്ടീം മുട്ടീം ഇണങ്ങിയും
പിണങ്ങിയും കുപ്പിഗ്ലാസുകൾ
വെള്ളത്തതിനെ ചുമപ്പാക്കുന്ന  ഇന്ദ്രജാലം
ചായയിലേക്ക് പടരുന്ന ഊഴവും
കാത്ത് കലത്തിലെ പാൽ
ഓട്ടുഗ്ലാസിന്റെ ക്ലാവ് പിടിച്ച
കണ്ണടയിൽ,
വിശിഷ്ടമായതൊക്കെ വിരുന്നൂട്ടി
എവിടേക്ക് വീണാലും വീണിടത്ത്
കിടന്നുരുളുന്ന വൈഭവമുള്ള
സ്റ്റീൽഗ്ലാസ്സുകൾ...............



<u>ആനി കടവൂർ</u>

**ലിറ്റിൽ  കൈറ്റ്സ് പ്രവർത്തന മികവുകൾ**

പ്രതിഭകളെ ആദരിക്കൽ



എട്ടാം ക്ലാസ് പ്രാഥമിക പരിശീലനം



സ്പെഷ്യൽ പി ടി എ  മീറ്റിംഗ്
ഡോക്യുമെന്റേഷൻ



## കേരളത്തിലെ കായലുകൾ

. 34 കായലുകളാണ് കേരളത്തിലുള്ളത്

.ഇതിൽ കടലുമായി ബന്ധപ്പെട്ട് കിടക്കുന്നവ 27 എണ്ണമാണ്. 7 എണ്ണം ഉൾനാടൻ ജലാശയങ്ങളാണ്.

. തിരുവനന്തപുരം ജില്ലയിലെ വെള്ളായണിക്കായൽ, കൊല്ലത്തെ ശാസ്താംകോട്ട, ത്രിശ്ശൂരിലെ ഏനാമാക്കൽ മനക്കൊടികായലുകൾ, വയനാട്ടിലെ പൂക്കോട് തടാകം എന്നിവയാണ് കേരളത്തിലെ പ്രധാനപ്പെട്ട ശുദ്ദജലതടാകങ്ങൾ

. കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട്ട് കായലിന് 205 ചതുരശ്രകിലോമീറ്റർ വിസ്തൃതി ഉണ്ട് . ആലപ്പുഴ, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലായി വേമ്പനാട്ട് കായൽ വ്യാപിച്ചിരിക്കുന്നു.

. കേരളത്തിലെ രണ്ടാമത്തെ വലിയകായലാണ് കൊല്ലം ജില്ലയിലുള്ള അഷ്ടമുടികായൽ.പനയുടെ ആകൃതിയാണ് ഈ കായലിന്. പേര് സൂചിപ്പിക്കുന്നത് പോലെ എട്ട് ശാഖകളായാണ് കായൽ നീണ്ടുകിടക്കുന്നത് . ആശ്രാമം, കുരീപ്പുഴ, കല്ലട,മണ്ണപ്പാടൻ, മുക്കാടൻ,പെരുമൺ,കണ്ടച്ചിറ, കാഞ്ഞിരകോട് എന്നിവയാണ് എട്ട്മുടികൾ

. വിസ്തൃതിയിൽ മൂന്നാമതുള്ള കേരളത്തിലെ കായലാണ് കായംകുളം കായൽ

.കായലുകളുടെ രാജ്ഞി എന്നറിയപ്പെടുന്ന കേരളത്തിലെ കായലാണ് ശാസ്താംകോട്ട ഇംഗ്ലീഷ് അക്ഷരമാലയിലെ എഫ് ആകൃതിയിലുള്ള കായലും ഇതാണ്

## രാമനുണ്ണിയുടെ സത്യ സന്ധത

മൻജാടി മല എന്ന അതിമനോഹരമായ ഗ്രാമം

പക്ഷികളുടെ പാട്ടും കരിവണ്ടുകളുടെ മൂളലും നിത്യവും ഉയിലുണർത്തുന്ന ഗ്രാമം . അവിടെ നായർ

എന്ന് എല്ലാവരും ഓമനപ്പേരിട്ട് വിളിക്കുന്ന രാമുണ്ണി നായരെന്ന സത്യ സന്ധനായ കർഷകൻ. തികച്ചും ജൈവരീതിയിത്കൃഷി ചെയ്യണമെന്ന് വളരെയധികം ആഗ്രഹി ക്കുന്നയാൾ അതുകൊണ്ടു

തന്നെ കാർഷിക മേഖലയിത് വിജയം കൈവരിക്കാൻ അദ്ദേഹത്തിനായിട്ടില്ല. ഒരുവിധം വയലിൽ

കൃഷിനടന്നുകൊണ്ടിരിക്കേ ഒരു സംഭവം ഉണ്ടായി. വയലിന്റെ അരികെ തന്നെ ഒരു ചെറിയ വീട്ടിൽ ആയിരുന്നു അദ്ദേഹത്തിന്റെ

താമസം. അദ്ദേഹത്തിനാകെ ഉണ്ടായിരുന്ന ഒരു മകന്റെ വിവാഹലോചന നടന്നുകൊണ്ടിരിക്കുന്ന സമയം.പ്രതീക്ഷിക്കാതെയാണ് ആ സംഭവം ഉണ്ടായത്.മകൻ ഒരു സമ്പന്നയായ ഒരു പെൺകുട്ടിയുമായി സ്നേഹത്തിലായിരുന്നു. അവൾ ഒരു ദിവസം നായരുടെ മകന്റെ വീട്ടിലെത്തി.ആ പെൺകുട്ടിയും മകനും ഇങ്ങനെ സംസാരിച്ചു.

‘Oh God’ ഇതൊരു വീടാണോ?

നീ അങ്ങനെ പറയരുത്

നീ ഒരു കാര്യം ശ്രദ്ദിക്കണം

ഞാനൊരു wealthy family യിലെ അംഗമാണ്....
എന്നെ വിവാഹം കഴിക്കണമെന്നുണ്ടേൽ ഒന്നുമല്ലേലും നീയൊരു പട്ടണത്തിൽ ആയിരിക്കണം.

പെൺകുട്ടിയുടെനിർബന്ധത്തിനു വഴങ്ങി മകൻ ആകെയുള്ള നെൽപ്പാടം വിൽക്കുന്നു.പക്ഷേ ആ മനുഷ്യന്റെ ഹ്യദയം നീറിപ്പുകയുകയായിരുന്നു.
മകന്റെ വിവാഹദിവസം അച്ഛനെ കാണാതായി.
അച്ഛനെ തിരക്കി പഴയ വീട്ടിലെത്തിയ മകൻ കണ്ടത് ഹ്യദയം പൊട്ടി മരിച്ചുകിടക്കുന്ന

അച്ഛനെയാണ്...........

# നിഴൽ



എന്നുടെ കൂടെ എപ്പോഴും
എല്ലായിടത്തും ഒരുപോലെ
എനിക്ക്കുട്ടിന് നിഴലുണ്ട്
നിഴലിനു കൂട്ടിന് ഞാനുണ്ട്
നിഴലും ഞാനും എന്നെന്നും
ഒത്ത് ഒരുമയോടെ നടക്കുന്നു


Thank You